# ആത്മീയ റോയൽട്ടി കൊണ്ട് സമ്പന്നരായ ആത്മാക്കളുടെ ലക്ഷണങ്ങൾ

ഇന്ന് ബാപ്ദാദ നാല് ഭാഗത്തുമുള്ള തന്റെ ആത്മീയ റോയൽ ഫാമിലിയെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. മുഴുവൻ കല്പത്തിലും ഏറ്റവും റോയൽ നിങ്ങൾ ആത്മാക്കൾ തന്നെയാണ്. പരിധിയുള്ള രാജ്യ അധികാരി റോയൽ ഫാമിലി വളരെയുണ്ട്. എന്നാൽ ആത്മീയ റോയൽ ഫാമിലി കേവലം നിങ്ങൾ മാത്രമാണ്. നിങ്ങൾ റോയൽ ഫാമിലിയിലെ ആത്മാക്കൾ ആദി കാലത്തിലും അനാദി കാലത്തിലും വർത്തമാന സംഗമയുഗത്തിലും ആത്മീയ റോയൽട്ടിയുള്ളവരാണ്. അനാദി കാലം സ്വീറ്റ് ഹോമിലും നിങ്ങൾ വിശേഷ ആത്മാക്കളുടെ ആത്മീയതയുടെ തിളക്കം സർവ്വ ആത്മാക്കളിലും വച്ച് ശ്രേഷ്ഠമാണ്. ആത്മാക്കളെല്ലാം തിളങ്ങുന്ന ജ്യോതി സ്വരൂപമാണ്, എന്നാലും നിങ്ങളുടെ ആത്മീയ റോയൽട്ടിയുടെ തിളക്കം അലൗകീകമാണ്. സാകാരി ലോകത്തിൽ ആകാശത്തിൽ നക്ഷത്രം തിളങ്ങുന്നതായി കാണപ്പെടുന്നു, എന്നാൽ വിശേഷിച്ച് തിളങ്ങുന്ന ചില നക്ഷത്രം സ്വതവേ തന്നെ തന്റെ നേർക്ക് ആകർഷിക്കുന്നു, ലൈറ്റുണ്ടായിട്ടും അതിന്റെ ലൈറ്റ് വിശേഷിച്ചും തിളങ്ങുന്നതായി കാണപ്പെടുന്നു. അതേപോലെ അനാദി കാലം പരംധാമിലും നിങ്ങൾ ആത്മീയ നക്ഷത്രങ്ങളുടെ തിളക്കം അർത്ഥം ആത്മീയ റോയൽട്ടിയുടെ തിളക്കം വിശേഷിച്ചും അനുഭവപ്പെടുന്നു. ഇപ്രകാരം ആദികാലം സത്യയുഗം അർത്ഥം സ്വർഗ്ഗത്തിൽ നിങ്ങൾ ആത്മാക്കൾ വിശ്വ രാജന്റെ റോയൽ ഫാമിലിയുടെ അധികാരിയായി മാറുന്നു. ഓരോ രാജാവിനും റോയൽ ഫാമിലിയുണ്ടായിരിക്കും.

എന്നാൽ നിങ്ങൾ ആത്മാക്കളുടെ റോയൽ ഫാമിലിയുടെ റോയൽട്ടി അഥവാ ദേവാത്മാക്കളുടെ റോയൽട്ടി മുഴുവൻ കല്പത്തിലും മറ്റൊരു റോയൽ ഫാമിലിക്കും ഉണ്ടായിരിക്കില്ല. ഇത്രയും ശ്രേഷ്ഠമായ റോയൽട്ടി ചൈതന്യ സ്വരൂപത്തിൽ പ്രാപ്തമാക്കി, നിങ്ങളുടെ ജഢ ചിത്രങ്ങളെ എത്ര റോയൽട്ടിയോടെ പൂജിക്കുന്നു. മുഴുവൻ കല്പത്തിലും റോയൽട്ടിയുടെ വിധിയനുസരിച്ച് ഏതൊരു ധർമ്മ പിതാവ്, ധർമ്മാത്മാവ് അഥവാ മഹാനാത്മാവ് ഇങ്ങനെ പൂജിക്കപ്പെടുന്നില്ല. അപ്പോൾ ചിന്തിക്കൂ- ജഢ ചിത്രങ്ങളിലും റോയൽട്ടിയുടെ പൂജയുണ്ടെങ്കിൽ ചൈതന്യത്തിൽ എത്രത്തോളം റോയൽ ഫാമിലിയിലേതായി മാറുന്നു.. അതിനാൽ അത്രയും റോയലാണോ? അതോ ആയിക്കൊണ്ടിരിക്കുകയാണോ? ഇപ്പോൾ സംഗമത്തിലും ആത്മീയ റോയൽട്ടി അർത്ഥം ഫരിസ്താ സ്വരൂപമായി മാറുന്നു, ആത്മീയ അച്ഛന്റെ ആത്മീയ റോയൽ ഫാമിലിയിലേതായി മാറുന്നു. അതിനാൽ അനാദി കാലം, ആദി കാലം, സംഗമയുഗി കാലം- മൂന്ന് കാലങ്ങളിലും നമ്പർവൺ റയൽ ആയി മാറുന്നു. നമ്മൾ മൂന്ന് കാലങ്ങളിലും ആത്മീയ റോയൽട്ടിയുള്ള ആത്മാക്കളാണ് എന്ന ലഹരിയുണ്ടോ?

ഈ ആത്മീയ റോയൽട്ടിയുടെ അടിത്തറയെന്താണ്? സമ്പൂർണ്ണ പവിത്രത. സമ്പൂർണ്ണ പവിത്രത തന്നെയാണ് റോയൽട്ടി. അതിനാൽ സ്വയത്തോട് ചോദിക്കൂ ആത്മീയ റോയൽട്ടിയുടെ തിളക്കം നിങ്ങളുടെ രൂപത്തിലൂടെ സർവ്വർക്കും അനുഭവപ്പെടുന്നുണ്ടോ? ആത്മീയ റോയൽട്ടിയുടെ തിളക്കം ഓരോ ചലനത്തിലൂടെ അനുഭവപ്പെടുന്നുണ്ടോ? ലൗകീക ലോകത്തിലും അല്പകാലത്തെ റോയൽട്ടിയെന്താണെന്ന് അറിയില്ലെങ്കിലും മുഖത്തിലൂടെ, പെരുമാറ്റത്തിലൂടെ അനുഭവപ്പെടുന്നു. അതുപോലെ ആത്മീയ റോയൽട്ടി ഗുപ്തമായിട്ടിരിക്കില്ല, അതും കാണപ്പെടുന്നു. അതു കൊണ്ട് ഓരോരുത്തരും ജ്ഞാനത്തിന്റെ ദർപ്പണത്തിൽ സ്വയത്തെ നോക്കൂ- എന്റെ മുഖത്തിൽ, ചലനത്തിൽ റോയൽട്ടി കാണപ്പെടുന്നുണ്ടോ അതോ സാധാരണമായ മുഖം, സാധാരണമായ ചലനമാണോ കാണപ്പെടുന്നത്? സത്യമായ വജ്രത്തിന് അതിന്റെ തിളക്കം കാരണം എങ്ങും മറഞ്ഞിരിക്കാൻ സാധിക്കില്ല, അതേപോലെ ആത്മീയ തിളക്കമുള്ളവർക്ക്, ആത്മീയ റോയൽട്ടിയുള്ളവർക്ക് മറഞ്ഞിരിക്കാൻ സാധിക്കില്ല.

ചില കുട്ടികൾ സ്വയത്തെ സന്തോഷിപ്പിക്കുന്നതിനായി ചിന്തിക്കുന്നു, പറയുന്നുമുണ്ട്- ''ഞങ്ങൾ ഗുപ്താത്മാക്കളാണ് അതിനാൽ ഞങ്ങളെയാരും തിരിച്ചറിയുന്നില്ല, സമയം വരുമ്പോൾ എല്ലാം താനേ അറിയാൻ സാധിക്കും''. ഗുപ്തമായ പുരുഷാർത്ഥം വളരെ നല്ല കാര്യമാണ്. എന്നാൽ ഗുപ്ത പുരുഷാർത്ഥിയുടെ പ്രഭാവം അഥവാ ആത്മീയ റോയൽട്ടിയുടെ തിളക്കം മറ്റുള്ളവരെയും അനുഭവം ചെയ്യിക്കും. സ്വയം സ്വയത്തെ എത്ര തന്നെ ഗുപ്തമാക്കി വെച്ചാലും അവരുടെ വാക്കുകൾ, അവരുടെ സംബന്ധ സമ്പർക്കം, ആത്മീയമായ പെരുമാറ്റത്തിന്റെ പ്രഭാവം അവരെ പ്രത്യക്ഷമാക്കുന്നു. അതിനെയാണ് സാധാരണമായ വാക്കിൽ മനുഷ്യർ വാക്കും പെരുമാറ്റവും എന്ന് പറയുന്നത്. അതിനാൽ സ്വയം സ്വയത്തെ പ്രത്യക്ഷമാക്കുന്നില്ല, ഗുപ്തമാക്കി വയ്ക്കുന്നു- ഇത് വിനയത്തിന്റെ വിശേഷതയാണ്. എന്നാൽ മറ്റുള്ളവർ ഇവരുടെ

വാക്കിലൂടെയും ചലനത്തിലൂടെയും തീർച്ചയായും അനുഭവം ചെയ്യും. മറ്റുള്ളവർ പറയും– ഇവർ ഗുപ്ത പുരുഷാർത്ഥികളാണ് എന്ന്. അഥവാ സ്വയം ഞാൻ ഗുപ്ത പുരുഷാർത്ഥിയെന്ന് പറയുകയാണെങ്കിൽ ഇത് ഗുപ്തമാക്കി വച്ചോ അതോ പ്രത്യക്ഷമാക്കിയോ? പറയുന്നു ഗുപ്തം എന്ന് പക്ഷെ പറയുന്നത്– ഞാൻ ഗുപ്ത പുരുഷാർത്ഥിയെന്നാണ്! അപ്പോൾ ഇത് ഗുപ്തമായോ? വളരെ കുട്ടികൾ കത്തുകളിൽ എഴുതുന്നുണ്ട്– ഞങ്ങൾ ഗുപ്ത പുരുഷാർത്ഥികളെ നിമിത്തമായ ദാദിമാർക്ക് പരിചയമില്ല. ഇതും എഴുതുന്നു– നോക്കിക്കോളൂ ഞങ്ങൾ ഇനിയെന്താണ് ചെയ്യാൻ പോകുന്നതെന്ന്, എന്താണ് സംഭവിക്കാൻ പോകുന്നതെന്ന്, അപ്പോൾ ഇത് ഗുപ്തമായിരുന്നോ അതോ പ്രത്യക്ഷമാക്കിയോ? ഗുപ്ത പുരുഷാർത്ഥി സ്വയത്തെ ഗുപ്തമാക്കി വയ്ക്കുന്നത് വളരെ നല്ലതാണ്. പക്ഷെ വർണ്ണിക്കാതിരിക്കൂ, മറ്റുള്ളവർ നിങ്ങളോട് പറയട്ടെ. എന്നാൽ സ്വയം സ്വയത്തോട് പറയുന്നവരെയെന്ത് വിളിക്കും? മിയാമിട്ടു(എല്ലാം അറിയാം എന്ന ഭാവം) അപ്പോൾ മിയാമിട്ടുവാകാൻ വളരെ സഹജമല്ലേ!

അപ്പോൾ എന്ത് കേട്ടു? ആത്മീയ റോയൽട്ടി. റോയലായ ആത്മാക്കൾ സദാ ഒന്ന്, സമ്പന്നരായിരിക്കും, പിന്നെ, സമ്പന്നതയുടെ ലക്ഷണമാണ് അവർ സദാ തൃപ്തരായ ആത്മാക്കളായിരിക്കും. തൃപ്ത ആത്മാക്കൾ ഓരോ പരിതസ്ഥിതിയിലും, ഓരോ ആത്മാവുമായുള്ള സംബന്ധ സമ്പർക്കത്തിൽ വന്നും, അറിഞ്ഞും സന്തുഷ്ടരായിരിക്കും. എത്ര തന്നെ അസന്തുഷ്ടമാക്കുന്നതിന്റെ പരിതസ്ഥിതി അവരുടെ മുന്നിൽ ആര് കൊണ്ടു വന്നാലും, സമ്പന്നവും തൃപ്തരുമായ ആത്മാക്കൾ അസന്തുഷ്ടരാക്കുന്നവർക്ക് പോലും സന്തുഷ്ടതയുടെ ഗുണം സഹയോഗത്തിന്റെ രൂപത്തിൽ നല്കും. അങ്ങനെയുള്ള ആത്മാവിനെ പ്രതി ദയാമനസ്കരായി ശുഭ ഭാവന, ശുഭ കാമനയിലൂടെ അവരെയും പരിവർത്തനപ്പെടുത്തുന്നതിന് പ്രയത്നിക്കും. ഇത് തന്നെയാണ് ആത്മീയ റോയൽട്ടിയുള്ള ആത്മാക്കളുടെ ശ്രേഷ്ഠമായ കർമ്മം. സ്ഥൂലത്തിൽ റോയലായ ആത്മാക്കൾ ഒരിക്കലും ചെറിയ ചെറിയ കാര്യങ്ങളിൽ, ചെറിയ ചെറിയ വസ്തുക്കളിൽ തന്റെ ബുദ്ധി അഥവാ സമയം വ്യർത്ഥമാക്കില്ല, കണ്ടു കൊണ്ടും കാണാതിരിക്കും, കേട്ട് കൊണ്ടും കേൾക്കാതിരിക്കും. അതേപോലെ ആത്മീയ റോയൽട്ടിയുള്ള ആത്മാക്കൾ ഏതൊരാത്മാവിന്റെയും ചെറിയ ചെറിയ കാര്യങ്ങളിൽ, ഏതൊന്നാണോ റോയലല്ലാത്തത് അതിൽ തന്റെ ബുദ്ധി അഥവാ സമയം ചിലവഴിക്കില്ല. ലോകത്തിലുള്ളവർ പറയുന്നു– റോയൽട്ടി അർത്ഥം ഏതൊരു നിസ്സാരമായ കാര്യത്തിലും കണ്ണ് പതിയില്ലയെന്ന്. ആത്മീയ റോയൽട്ടിയുള്ള ആത്മാക്കളുടെ മുഖത്തിലൂടെ ഒരിക്കലും വ്യർത്ഥം അഥവാ സാധാരണമായ വാക്ക് ഉണ്ടാകില്ല, ഓരോ വാക്കും യുക്തിയുക്തമായിരിക്കും. യുക്തിയുക്തം അർത്ഥം വ്യർത്ഥമായ ഭാവത്തിൽ നിന്നുപരി അവ്യക്ത ഭാവം, അവ്യക്ത ഭാവന. ഇതിനെയാണ് റോയൽട്ടിയെന്ന് പറയുന്നത്.

ഈ സമയത്തെ റോയൽട്ടി ഭാവിയിലെ റോയൽ ഫാമിലിയിൽ വരുന്നതിന് അധികാരിയാക്കി മാറ്റുന്നു. അതിനാൽ ചെക്ക് ചെയ്യൂ മനോഭാവന റോയലാണോ? മനോഭാവന റോയൽ അർത്ഥം സദാ ശുഭ ഭാവന, ശുഭ കാമനയുടെ മനോഭാവനയിലൂടെ ഓരോ ആത്മാവിനോടും പെരുമാറണം. റോയൽ ദൃഷ്ടി അർത്ഥം സദാ ഫരിസ്താ രൂപത്തിലൂടെ മറ്റുള്ളവരെയും ഫരിസ്താ രൂപത്തിൽ കാണണം. കൃതി അർത്ഥം കർമ്മത്തിലൂടെ സദാ സുഖം നല്കണം, സുഖം എടുക്കണം– ഈ ശ്രേഷ്ഠമായ കർമ്മത്തിനനുസരിച്ച് സമ്പർക്കത്തിൽ വന്നു. അങ്ങനെ റോയലായോ? അതോ ആകണോ? ബ്രഹ്മാബാബയുടെ വാക്കും ചലനവും, മുഖത്തിന്റെയും ചലനത്തിന്റെയും റോയൽട്ടി കണ്ടുവല്ലോ. അതേപോലെ ബ്രഹ്മാബാബയെ അനുകരിക്കൂ. സാകാരത്തെ ഫോളോ ചെയ്യാൻ സഹജമല്ലേ. ബ്രഹ്മാവിനെ ഫോളോ ചെയ്തുവെങ്കിൽ ശിവബാബയെയും ഫോളോ ചെയ്യുന്നതിന് സമാനമാകുന്നു. ഒന്നിനെ ഫോളോ ചെയ്യാൻ സാധിക്കില്ലേ. ബാബയ്ക്ക് സമാനമാകുന്നതിനുള്ള പോയിന്റ്സ് ദിവസവും കേൾക്കുന്നുണ്ട്! കേൾക്കുക അർത്ഥം ഫോളോ ചെയ്യുക. കോപ്പി ചെയ്യാൻ സഹജമല്ലേ അതോ കോപ്പി ചെയ്യാനും അറിയില്ല എന്നാണോ?

ബാപ്ദാദ ഇന്ന് പുഞ്ചിരിച്ചു കൊണ്ടിരിക്കുകയായിരുന്നു– മധുബനിൽ വരുമ്പോൾ വിശേഷിച്ചും വ്യാഴാഴ്ച എന്താണ് ചെയ്യുന്നത്? ഒന്ന് ബാബയ്ക്ക് ഭോഗ് സമർപ്പിക്കുന്നു. മധുബനിൽ മാത്രമായിട്ട് പിന്നെയെന്ത് ചെയ്യുന്നു? ജീവിച്ചിരിക്കെ മരിച്ചതിന്റെ ഭോഗ്. നിങ്ങൾ എല്ലാവരും ജീവിച്ചിരിക്കെ മരിച്ചതിന്റെ ഭോഗ് ചെയ്തില്ല? ബാപ്ദാദ പുഞ്ചിരിക്കുകയായിരുന്നു– ജീവിച്ചിരിക്കെ മരിക്കുക എന്ന് പറയാൻ സഹജമാണ്– സ്റ്റേജിലിരുന്നു, തിലകം ലഭിച്ചു, മരിച്ചു! എന്നാൽ ജീവിച്ചിരിക്കെ മരിക്കുക അർത്ഥം പഴയ സംസ്ക്കാരങ്ങളിൽ നിന്നും മരിക്കുക. പഴയ സംസ്ക്കാരം, പഴയ ലോകത്തിന്റെ ആകർഷണത്തിൽ നിന്നും മരിക്കുക, ഇതിനെയാണ് ജീവിച്ചിരിക്കെ മരിക്കുക എന്ന് പറയുന്നത്. ഭോഗ് സമർപ്പിച്ചു, ഭണ്ഡാരയിൽ അർപ്പിച്ചു, ജീവിച്ചിരിക്കെ മരിച്ചു– ഇത് വളരെ സഹജമാണ്. എന്നാൽ മരിച്ചോ? ബാപ്ദാദ ചിന്തിച്ചു കൊണ്ടിരിക്കുകയായിരുന്നു പഴയ ലോകം, പഴയ സംസ്ക്കാരം– ഇതിൽ നിന്നും സദാ കാലത്തേക്ക് സങ്കല്പത്തിലും

സ്വപ്നത്തിലും മരിക്കുക, ആഘോഷിക്കുക, ഇങ്ങനെ ജീവിച്ചിരിക്കെ മരിക്കുക, ഇങ്ങനെ ആര് എപ്പോൾ ആഘോഷിക്കും? സ്റ്റേജിൽ ഇരുത്തുകയാണെങ്കിൽ സർവ്വരും വന്നിരിക്കും. സ്റ്റേജിലിരിക്കുക എന്നത് സാധാരണമായ കാര്യമാണ്. എന്നാൽ ബുദ്ധിയെ ഇരുത്തുക ഇതിനെയാണ് യഥാർത്ഥത്തിൽ ജീവിച്ചിരിക്കെ മരിച്ചത് ആഘോഷിക്കുക എന്ന് പറയുന്നത്. മരിച്ചുവെങ്കിൽ, മരിക്കുക അർത്ഥം പരിവർത്തനപ്പെടുക. ഇങ്ങനെ ജീവിച്ചിരിക്കെ മരിക്കാൻ എത്ര പേർ തയ്യാറാകും? അതോ സെന്ററിൽ പോയി പറയുമോ– എന്ത് ചെയ്യാം, ആഗ്രഹിച്ചില്ലായിരുന്നു പക്ഷെ സംഭവിച്ചു പോയി. ഇവിടെ ജീവിച്ചിരിക്കെ മരിച്ചു എന്നത് ആഘോഷിച്ചിട്ട് പോകുന്നു, പിന്നെ എന്തെങ്കിലും പ്രശ്നം മുന്നിൽ വരുമ്പോൾ വീണ്ടും ജീവൻ വരുന്നു. അങ്ങനെ ചെയ്യരുത്.

സ്മാരകത്തിലും കാണിക്കുന്നുണ്ട്– രാവണന്റെ ഒരു തല മുറിഞ്ഞപ്പോൾ മറ്റൊരു തല ഉണ്ടായി വന്നു. ഇവിടെയും ഒരു കാര്യം പൂർത്തിയാകുമ്പോൾ രണ്ടാമത്തേത് വരുന്നു, പിന്നെ മനസ്സിലാക്കുന്നു– ഞാൻ രാവണനെ കൊന്നല്ലോ, പിന്നെയിത് എവിടെ നിന്ന് വന്നു? എന്നാൽ മുഖ്യമായ അടിത്തറയെ സമാപ്തമാക്കാത്തത് കാരണം ഒരു രൂപം മാറി മറ്റൊരു രൂപത്തിൽ വരുന്നു. അടിത്തറയെ തന്നെ സമാപ്തമാക്കൂ എങ്കിൽ രൂപം മാറി മായ യുദ്ധം ചെയ്യില്ല, സദാ കാലത്തേക്ക് വിട ചൊല്ലും. മനസ്സിലായോ, എന്താകണം? ആത്മീയ റോയൽട്ടിയുള്ളവർ സദാ ഇത് ചെക്ക് ചെയ്യൂ– ഓരോ കർമ്മവും ആത്മീയ റോയൽ പരിവാരത്തിനനുസരിച്ചാണോ? 99 ശതമാനം വാക്ക്, കർമ്മം, സങ്കല്പം റോയൽട്ടിയുള്ളതാകുമ്പോൾ മനസ്സിലാക്കൂ ഭാവിയിലും റോയൽ ഫാമിലിയിൽ വരും എന്ന്. ഞാൻ എങ്ങനെയെങ്കിലും വരും എന്ന് ചിന്തിക്കരുത്. ശരി, സമ്പന്നരായില്ലായെങ്കിൽ ഒരു ശതമാനം വിടുന്നു. പക്ഷെ 99 ശതമാനം റോയൽട്ടിയുടെ സംസ്ക്കാരം, വാക്ക്, സങ്കല്പം സ്വാഭാവികമാകണം. അടിക്കടി യുദ്ധം ചെയ്യേണ്ടി വരരുത്, നാച്ചുറൽ സംസ്ക്കാരമാകണം. ശരി.

നാല് ഭാഗത്തുമുള്ള ആത്മീയ റോയൽട്ടിയുള്ള റോയലായ ആത്മാക്കൾക്ക് സദാ പവിത്രതയിലൂടെ റോയൽട്ടിയുടെ അനുഭവം ചെയ്യിക്കുന്ന ആത്മാക്കൾക്ക്, സദാ ഫരിസ്താ സ്വരൂപത്തിന്റെ സംസ്ക്കാരത്തെ പ്രാക്ടിക്കലിൽ കൊണ്ടു വരുന്ന ആത്മാക്കൾക്ക്, സദാ ബ്രഹ്മാബാബയെ അനുകരിക്കുന്ന ആത്മാക്കൾക്ക്, സദാ ശ്രേഷ്ഠമായ ബ്രാഹ്മണരുടെ ലോകത്തിൽ ബ്രാഹ്മണ സംസ്ക്കാരം അനുഭവം ചെയ്യുന്ന ആത്മീയ റോയൽ പരിവാരത്തിന് ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്തേയും.

## അവ്യക്ത ബാപ്ദാദായുമായുള്ള വ്യക്തിപരമായ മിലനം

## സേവനത്തിൽ ബിസിയായിട്ടിരിക്കാമെങ്കിൽ സഹജമായി മായാജീത്തായി മാറാൻ സാധിക്കും

സദാ തന്റെ ശക്തിശാലിയായ വൃത്തി (മനോഭാവന)യിലൂടെ അന്തരീക്ഷത്തെ പരിവർത്തനപ്പെടുത്തുന്ന വിശ്വ പരിവർത്തകരായ ആത്മാക്കളല്ലേ! ഈ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷപ്പെട്ട കർത്തവ്യമെന്താണ്? തന്റെ വൃത്തിയിലൂടെ, വാക്കിലൂടെ, കർമ്മത്തിലൂടെ വിശ്വ പരിവർത്തനം ചെയ്യണം. അതിനാൽ സർവ്വരും ഇങ്ങനെയുള്ള സേവനം ചെയ്യുന്നുണ്ടോ? അതോ സമയമില്ല എന്നാണോ? വാചാ സേവനം ചെയ്യുന്നതിന് സമയമില്ലായെങ്കിൽ വൃത്തിയിലൂടെ, മനസ്സാ സേവനത്തിലൂടെ പരിവർത്തനം ചെയ്യുന്നതിനുള്ള സമയമില്ലേ! സേവാധാരി ആത്മാക്കൾക്ക് സേവനമില്ലാതെയിരിക്കാൻ സാധിക്കില്ല. ബ്രാഹ്മണ ജന്മം തന്നെ സേവനത്തിനുള്ളതാണ്. എത്രത്തോളം സേവ നത്തിൽ ബിസിയായിട്ടിരിക്കുന്നുവൊ അത്രത്തോളം സഹജമായി തന്നെ മായാജീത്താകാൻ സാധിക്കും. അതിനാൽ സേവനത്തിന്റെ ഫലവും ലഭിക്കും സഹജമായി മായാജീത്തുമാകും, അപ്പോൾ ഡബിൾ നേട്ടമായില്ലേ ലേശമെങ്കിലും ബുദ്ധിക്ക് അവസരം ലഭിച്ചാൽ സേവനത്തിൽ മുഴുകൂ. പഞ്ചാബ്, ഹരിയാണയിൽ സേവാഭാവം കൂടുതലാണ്. ഗുരുദ്വാരയിൽ പോയി സേവനം ചെയ്യുന്നില്ലേ. അത് സ്ഥൂലമായ സേവനമാണ്, ഇത് ആത്മീയ സേവനമാണ്. സേവനമില്ലാതെ സമയം പാഴാക്കരുത്. നിരന്തര യോഗി, നിരന്തര സേവാധാരിയാകൂ– സങ്കല്പത്തിലൂടെ ചെയ്യൂ, വാക്കിലൂടെ, കർമ്മത്തിലൂടെ. നിങ്ങളുടെ സമ്പർക്കത്തിലൂടെയും സേവനം ചെയ്യാൻ സാധിക്കും. മനസ്സാ സേവനം ചെയ്യാൻ അറിയില്ലായെങ്കിലും, നിങ്ങളുടെ സമ്പർക്കത്തിലൂടെ, തന്റെ ചലനത്തിലൂടെയും സേവനം ചെയ്യാൻ സാധിക്കും. ഇത് സഹജമല്ലേ. അതിനാൽ ചെക്ക് ചെയ്യൂ– സദാ സേവാധാരിയാണോ അതോ ഇടയ്ക്കിടയ്ക്ക് സേവാധാരിയാണോ? ഇടയ്ക്കിടയ്ക്കുള്ള സേവാധാരിയാണെങ്കിൽ രാജ്യ ഭാഗ്യവും ഇടയ്ക്കിടയ്ക്ക് ലഭിക്കും. ഈ സമയത്തെ സേവനമാണ് ഭാവിയിലെ പ്രാപ്തിയുടെ ആധാരം. ആർക്കും ഒരിക്കലും ഒഴിവ് കഴിവ് പറയാൻ സാധിക്കില്ല– ആഗ്രഹിച്ചിരുന്നു, പക്ഷെ സമയമില്ല എന്ന്. ചിലർ പറയുന്നു ശരീരം സഹകരിക്കുന്നില്ല, കാല് സഹകരിക്കുന്നില്ല, എന്ത് ചെയ്യാം? ചിലർ പറയും നടുവ് ശരിയല്ല, കാലുകൾക്ക് വയ്യ എന്ന്. പക്ഷെ ബുദ്ധി പ്രവർത്തിക്കുന്നുണ്ടല്ലോ, അതിനാൽ ബുദ്ധിയിലൂടെ സേവനം ചെയ്യൂ. വിശ്രമത്തോടെ കട്ടിലിലിരുന്ന് സേവനം ചെയ്യൂ. നടുവിന് വയ്യായെങ്കിൽ കിടക്കൂ എന്നാലും സേവന

ത്തിൽ ബിസിയായിരിക്കൂ. ബിസിയായിട്ടിരിക്കുക തന്നെയാണ് സഹജമായ പുരുഷാർത്ഥം. പരിശ്രമിക്കേണ്ടി വരില്ല. അടിക്കടി മായ വന്നു, ഓടിച്ചു എങ്കിൽ പരിശ്രമം ഉണ്ടാകും, യുദ്ധമുണ്ടാകുന്നു. ബിസിയായിട്ടിരിക്കുന്നവർ യുദ്ധത്തിൽ നിന്നും മുക്തമാകുന്നു. ബിസിയായിട്ടിരിക്കുകയാണെങ്കിൽ മായക്ക് വരാനുള്ള ധൈര്യം ഉണ്ടായിരിക്കില്ല. എത്രത്തോളം സ്വയത്തെ ബിസിയാക്കി വയ്ക്കുന്നുവൊ അത്രത്തോളം തന്റെ മനോഭാവനയിലൂടെ അന്തരീക്ഷം പരിവർത്തനപ്പെട്ടു കൊണ്ടിരിക്കും. ഒരു ബ്രാഹ്മണാത്മാവിനും ഇങ്ങനെ ചിന്തിക്കാൻ സാധിക്കില്ല– എന്ത് ചെയ്യാം, അന്തരീക്ഷം വളരെ മോശമാണ്. മോശമായത് കൊണ്ടല്ലേ പരിവർത്തനപ്പെടുത്തുന്നത്. മോശമേയാകുന്നില്ലായെങ്കിൽ പിന്നെ എന്ത് ചെയ്യും? നല്ലതിനെ പരിവർത്തനപ്പെടുത്തുമോ? അതിനാൽ വിശ്വപരിവർത്തകരുടെ കർത്തവ്യമാണ് മോശമായതിനെ നല്ലതാക്കുക. മോശമായത് തീർച്ചയായും ഉണ്ടാകും, മോശമായതിനെ നല്ലതാക്കുന്നവർ നിങ്ങളാണ്! വിശ്വ പരിവർത്തനത്തിന്റെ കാര്യം ചെയ്തു, അതിനാലാണ് ഇപ്പോഴും നിങ്ങൾക്ക് മഹിമയുള്ളത്. ശക്തികളുടെ മഹിമയിൽ നിങ്ങളുടെ എത്ര മഹിമ ചെയ്യുന്നു! തന്റെ മഹിമ കേൾക്കുമ്പോൾ സന്തോഷം ഉണ്ടാകുന്നില്ലേ. ശരി.

## വരദാനം– സേവനത്തിന്റെ പ്രത്യക്ഷ ഫലം അനുഭവിക്കുന്ന സദാ ആരോഗ്യശാലിയും സമ്പന്നരും സന്തുഷ്ടരുമായിരിക്കുന്ന സദാ സമൃദ്ധരായി ഭവിക്കട്ടെ.

സാകാര ലോകത്തിൽ പറയുന്നു– ഫ്രഷായ പഴം ഭക്ഷിക്കാമെങ്കിൽ ആരോഗ്യശാലിയായിരിക്കും എന്ന്. ആരോഗ്യശാലിയായിരിക്കുന്നതിനുള്ള സാധനമാണ് പഴം എന്ന് പറയുന്നു, നിങ്ങൾ കുട്ടികൾ ഓരോ സെക്കന്റും പ്രത്യക്ഷ ഫലം കഴിക്കുന്നവരാണ് അതിനാൽ നിങ്ങളോട് വിശേഷമെന്തൊക്കെയാണ് എന്ന് ആരെങ്കിലും ചേദിക്കുകയാണെങ്കിൽ പറയൂ– സ്ഥിതി സമൃദ്ധവും, ചലനം ഫരിസ്തയുടേതുമാണ് എന്ന്, ഞാൻ ആരോഗ്യശാലിയുമാണ്, സമ്പന്നവുമാണ് ഒപ്പം ഹാപ്പിയുമാണ്. ബ്രാഹ്മണർക്ക് ഒരിക്കലും ഉദാസീനരാകാൻ സാധിക്കില്ല.

## സ്ലോഗൻ– പവിത്രമായ ആത്മാവ് തന്നെയാണ് സ്വച്ഛതയുടെയും സത്യതയുടെയും ദർപ്പണം.

**സൂചന**– ഇന്ന് മസത്തിലെ മൂന്നാമത്തെ ഞായറാഴ്ച്ചയാണ്, സന്ധ്യക്ക് 6.30 മുതൽ 7.30 വരെ എല്ലാ സഹോദരീ സഹോദരൻമാരും – ''പരിവർത്തനത്തിന്റെ'' ഒരേയൊരു ശുദ്ധമായ സങ്കല്പമെടുത്ത് വിശ്വ പരിവർത്തനത്തിന്റെ മഹത്തായ കാര്യത്തിൽ സഹയോഗിയാകണം. അനുഭവിക്കണം– ബാപ്ദാദയുടെ മസ്തകത്തിൽ നിന്നും ശക്തിശാലി കിരണങ്ങൾ എന്റെ ഭ്രുകുടിയിൽ പതിഞ്ഞു കൊണ്ടിരിക്കുന്നു, അതേ കിരണങ്ങൾ എന്നിലൂടെ എന്റെ സംസ്ക്കാരങ്ങളെ പരിവർത്തനപ്പെടുത്തി വിശ്വ പരിവർത്തനത്തിന്റെ കാര്യം ചെയ്തു കൊണ്ടിരിക്കുന്നു.